(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് നിലവിൽ ആവശ്യാനുസരണം ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം വൈപ്പിൻ മേഖലയിലേക്ക് 2011-14 കാലയളവിൽ പ്രതിവർഷം 4380 ദശലക്ഷം ലിറ്റർ ശുദ്ധജലവും 2014 മുതൽ പ്രതിവർഷം 7300 ദശലക്ഷം ലിറ്റർ ശുദ്ധജലവും വിതരണം ചെയ്തുവരുന്നു.

(ഡി) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ വൈപ്പിൻ മേഖലയിൽ പ്രതിവർഷം 9855 ദശലക്ഷം ലിറ്റർ ശുദ്ധജലത്തിന്റെ ആവശ്യമാണ് കണക്കാക്കിയിരിക്കുന്നത്.

**ജലവിഭവ വകുപ്പിലെ അധിക തസ്തികകൾ**

134 (903) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിലെ അധിക തസ്തികകൾ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തസ്തികയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുമൂലം ഏതെങ്കിലും ജീവനക്കാർക്ക് ജോലി നഷ്ടപ്പെടുവാൻ സാധ്യതയുണ്ടോ ;

(സി) കമാന്റ് ഏര്യ ഡെവലപ്മെന്റ് അതോറിറ്റി (CADA) പിരിച്ചുവിടുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ ;

(ഡി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി നിയമിച്ച ജീവനക്കാരുടെ എണ്ണം കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് കുട്ടനാട് പാക്കേജിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയില്ലേ ;

(ഇ) തസ്തിക നിർത്തലാക്കുന്നതോടെ ജീവനക്കാർ മറ്റ് ജില്ലകളിലേക്ക് മാറേണ്ടി വരുന്ന സാഹചര്യത്തിൽ സീനിയോറിറ്റിയും സ്ഥലംമാറ്റ മാനദണ്ഡങ്ങളും കൃത്യമായി പരിഗണിച്ച് മാത്രമേ സ്ഥലം മാറ്റാവൂ എന്ന് നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) അധികാര വികേന്ദ്രീകരണത്തിനുവേണ്ടി ജലസേചന വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിച്ചതും ജലസേചന വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയായി നിലനിന്നിരുന്ന തസ്തികകളും വകുപ്പിൽ അധിക തസ്തികകൾ എന്ന് കണ്ടെത്തിയ തസ്തികകളും കൂടി ചേർത്ത് 1199 തസ്തികകൾ നിർത്തലാക്കി.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) തീരുമാനിച്ചിട്ടില്ല.

(ഇ) അത്തരം സാഹചര്യം ഉണ്ടാവുകയാണെങ്കിൽ സീനിയോറിറ്റി അടക്കമുള്ള മാനദണ്ഡങ്ങൾക്ക് പരിഗണന നൽകുന്നതാണ്.

**മീനാട് കുടിവെള്ള പദ്ധതി**

135 (904) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഇനി ഏതെല്ലാം പഞ്ചായത്തുകളിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്; അവ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഇപ്പോൾ ആലോചിക്കുന്നത്;

(ബി) പ്രസ്തുത പ്രവൃത്തിക്ക് പുറമേ മീനാട് പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് എന്തെല്ലാം പ്രവർത്തികൾ അവശേഷിക്കുന്നുണ്ട്;

(സി) പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ നിർമ്മാണം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രവൃത്തി പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ എന്തെല്ലാം സത്വര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മീനാട് കുടിവെള്ള പദ്ധതിയിൽ ഇതുവരെ മീനാട്, ചിറക്കര പഞ്ചായത്തുകളിലെ വിതരണ ശൃംഖലയുടെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂയപ്പള്ളി, ചാത്തന്നൂർ, മയ്യനാട്, ആദിച്ചനല്ലൂർ, കരവാളൂർ, നെടുമ്പന, ഇടമുളയ്ക്കൽ, വെളിയം, അഞ്ചൽ, ഇളമാട്, പൂതക്കുളം, ഉമ്മന്നൂർ എന്നീ പഞ്ചായത്തുകളിലേയും പരവൂർ മുനിസിപ്പാലിറ്റിയിലേയും പണികൾ പൂർത്തീകരിക്കാനുണ്ട്. കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി നടപ്പിലാക്കുന്ന മീനാട് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഏകദേശം 963 കി.മീ. വരുന്ന വിതരണ ശൃംഖലയുടെ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജല വിതരണം നടത്തുവാൻ ഉദ്ദേശിച്ചുള്ളതാണ്. ഇതിനോടകം ആകെ 822 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കുകയും അതിൽ 255 കി.മീ. പൈപ്പ് ലൈനിൽ കൂടി ജലവിതരണം നടത്തുകയും ചെയ്യുന്നു. ടി പണികൾ ആദ്യം കരാർ ഏറ്റെടുത്തിരുന്നത് M/s. K. Ramakrishna Contractors Pvt Ltd, Hyderabad ആണ്. പ്രസ്തുത കരാറുകാരൻ പണി ഉപേക്ഷിച്ച് പോയതിനാൽ 2012-ൽ M/s. Tecpro Infra Projects Ltd, Kochi എന്ന കമ്പനിക്ക് കരാർ നല്കുകയും ചെയ്തു. പണിയുടെ പുരോഗതി കുറവായിരുന്നതിനാൽ M/s. Tecpro Infra Projects Ltd.-ന്റെ സേവനം നിർത്തലാക്കുന്നതിനുള്ള നടപടി എടുത്തെങ്കിലും ഒരു വർഷത്തിനുള്ളിൽ പണി പൂർത്തിയാക്കാമെന്ന കരാറുകാരുടെ വാഗ്ദാനം പരിഗണിച്ച് 2016 ജനുവരിയിൽ കരാർ പുതുക്കി ഒരു വർഷത്തേയ്ക്ക് അവരെ തുടരാൻ അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly